## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4006 — 12.12.2018 ൽ മറുപടിക്ക്

## സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളെയാണ് സാമൂഹികാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്; | (എ), (ബി) & (സി) | പദവി ഉയർത്തുക എന്നതല്ല മറിച്ച് സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗചികിത്സയും ഉറപ്പാക്കുകയും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് ആർദ്രം പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ വാമനപുരം പി എച്ച് .സി യെയും രണ്ടാം ഘട്ടത്തിൽ ആനാട്, പെരുങ്ങുമല, പുള്ളുംപാറ, പനവൂർ, ആനകുടി എന്നീ പി എച്ച് സി കളെയും കല്ലറ, പാലോട് എന്നീ സി എച്ച് സി കളെയും കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിനു തെരഞ്ഞെടുത്തിട്ടുണ്ട്. വാമനപുരം പി.എച്ച്.സി., പാലോട് സി.എച്ച്.സി. എന്നീ സ്ഥാപനങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു. കൂടാതെ പാലോട് സി എച്ച് സിയിൽ രാത്രി 8 മണി മുതൽ രാവിലെ 8 മണി വരെ NHM ഡോക്ടറുടെ സേവനവും ഒരുക്കിയിട്ടുണ്ട്. വാമനപുരം പി എച്ച് സി യിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ ഒരു ഫാർമസിസ്റ്റ് എന്നി തസ്തികകളും സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളിൽ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം; | | |
| (സി) | പ്രസ്തുത സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ 24 x7 സ്ഥാപനങ്ങളായി ഉയർത്താൻ ആലോചിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | | |

സെക്ഷൻ ഓഫീസർ